# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1806

16.06.2014-ൽ മറുപടിയ്ക്ക്

## അനധികൃത പണമിടപാട് സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായ റെയ്ഡിൽ പിടിച്ചെടുത്തിട്ടുള്ള പണം, സ്വർണ്ണം, മറ്റു വിലപിടിപ്പുള്ള രേഖകൾ എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായ റെയ്ഡിൽ 4,35,33,476 (നാല് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി മുപ്പത്തി മൂവായിരത്തി നാനൂറ്റി എഴുപത്തിയാറ്) രൂപ പിടിച്ചെടുക്കുകയും, 2622.08 ഗ്രാം സ്വർണ്ണവും, ഒരു സ്വർണ്ണ മോതിരവും, ഒരു സ്വർണ്ണ മാലയും കൂടാതെ മറ്റു വിലപിടിപ്പുള്ള രേഖകളായ ബാങ്ക് ചെക്ക് ലീഫ്, റ്റൈറ്റിൽ ഡീഡ്സ്, ആർ.സി.ബുക്ക്, ഡ്രൈവിംഗ് ലൈസൻസ്, ബാങ്ക് പാസ് ബുക്ക്, പ്രോമിസറി നോട്ട്, സ്റ്റാമ്പ് പേപ്പർ, പ്രോപ്പർട്ടി ഡീഡ്സ്, റവന്യൂ സ്റ്റാമ്പ്, ഇലക്ഷൻ ഐ.ഡി. കാർഡ്, രജിസ്റ്ററുകൾ, എഗ്രിമെന്റുകൾ, പവർ ഓഫ് അറ്റോർണി മുതലായവയും പിടിച്ചെടുത്തിട്ടുണ്ട്.

(ബി) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിയമത്തിനുള്ള പോരായ്മ പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) നിയമത്തിന് പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ചിട്ടി, സ്വകാര്യ സ്വർണ്ണപണയ സ്ഥാപനങ്ങൾ പണം കടം കൊടുക്കുന്ന സ്ഥാപനങ്ങൾ എന്നിവ സർക്കാർ ധനകാര്യ സ്ഥാപനങ്ങളും പൊതു മേഖലാ ബാങ്കുകളും ഈടാക്കുന്ന നിരക്കിൽ തന്നെയാണോ ഉപഭോക്താവിൽ നിന്നും പലിശ ഈടാക്കുന്നത് എന്ന്

(സി) നിയമ വിരുദ്ധമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് താഴെപ്പറയുന്ന നിയമങ്ങൾക്കനുസൃതമായി കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

1. Kerala Money Lenders Act Sec. 3, 4r/w 17,18,18(A)

| | | |
|---|---|---|
| | ഉറപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ; | 2. Kerala Prohibition of Charging Exorbitant Interest Act, Sec, 3, 4 r/w 9(2)<br>3. Prize Chit Money Circulation Banning Act.<br>4. IPC Secs.420,406,468,471 |
| (ഡി) | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഈടാക്കുന്ന പലിശയുകയ്ക്ക് ഔദ്യോഗികമായ രസീതു നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഈ വിഷയം സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല. അത്തരം സ്ഥാപനങ്ങൾ നൽകുന്ന രസീതിന് ഔദ്യോഗിക പരിവേഷം നൽകാനാവില്ല. |

സെക്ഷൻ ഓഫീസർ